I/218434/2024

**തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ടെലഫോൺ ഓപ്പറേറ്റർ - തസ്തിക മാറ്റ നിയമനം - അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് - ഉത്തരവാകുന്നു.

സൂചന:
1. സ.ഉ.(അച്ചടി) നം. 203/80/പൊ.ഭ.വ തീയതി. 16/05/1980.
2. സ.ഉ.(അച്ചടി) നം. 54/92/പൊ.ഭ.വ തീയതി. 15/12/1992.
3. 25/05/2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.
4. 19/10/2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കരട് സീനിയോരിറ്റി പട്ടിക
5. വയനാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 02/11/2023 ലെ ഇ1/1346/2023/ജി.എം.സി.വ നമ്പർ കത്ത്.
6. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 13/11/2023 ലെ ജി.എം.സി.റ്റി.വി.എം/7148/2023-ഇഎൻ7 നമ്പർ കത്ത്.
7. തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 26/10/2023, 02/11/2023 ലെ മെ കോ തൃ/352/2023-ഇ6 നമ്പർ കത്ത്.
8. കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 13/11/2023 ലെ ജി.എം.സി.കെ.കെ.ഡി/3886/2023-ഇ3 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ4/1090/2020/മെ.വി.വ തീയതി: 25-02-2024**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ നിലവിലുള്ള ടെലഫോൺ ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകളിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നടത്തുന്നതിനായി പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരമുള്ള യോഗ്യത നേടിയ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരിൽ നിന്നും പരാമർശം(3) പ്രകാരം അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് യോഗ്യരായ ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തി പരാമർശം(4) പ്രകാരം കരട് സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുകയും കരട് സീനിയോരിറ്റി പട്ടിക സംബന്ധിച്ച് പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ബന്ധപ്പെട്ടവർ അപ്പീലുകൾ സമർപ്പിക്കുന്നതിനും നിർദേശം നൽകിയിരുന്നു. പരാമർശം(4) പ്രകാരം കരട് സീനിയോരിറ്റി പട്ടികയിന്മേൽ പരാമർശം 5 to 8 പ്രകാരം പരാതികൾ ലഭ്യമായ സാഹചര്യത്തിൽ ജീവനക്കാർ ഹാജരാക്കിയ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അയച്ചു നൽകുകയും ആയതിനു ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന പ്രകാരം പ്രസ്തുത പട്ടികയിൽ ഭേദഗതി വരുത്തുന്നു.

- വയനാട് മെഡിക്കൽ കോളേജിലെ ഫുൾ ടൈം സ്വീപ്പർ ആയ ശ്രീമതി. സുബൈദ.കെ പരാമർശം(5) പ്രകാരം ടിയാരിയെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് സമർപ്പിച്ച സാഹചര്യത്തിലും ആയതിന്റെ ആധികാരികത ബന്ധപ്പെട്ട സ്ഥാപനം സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിലും ടിയാരിയെ പട്ടികയിൽ ഉൾപ്പെടുത്തുന്നു.
- പരാമർശം(6), (8) പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫുൾ ടൈം സ്വീപ്പർ ആയ ശ്രീമതി. ലൈല.എസ്, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ അറ്റെൻഡന്റ് Gr II ആയ ശ്രീ. വിനീഷ് എ.കെ എന്നിവർ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി ജീവനക്കാർ ഹാജരാക്കിയ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ ആധികാരികത ബന്ധപ്പെട്ട സ്ഥാപനങ്ങൾ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ ടി ജീവനക്കാരെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നുള്ള ടി ജീവനക്കാരുടെ ആവശ്യം നിരസിക്കുന്നു.
- പരാമർശം 7 പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജിലെ ക്ലീനർ ആയ ശ്രീമതി. ഗീത.കെ, ധോബി തസ്തികയിലെ ജീവനക്കാരിയായ ശ്രീമതി. സിന്ധുമോൾ കെ.പി, നഴ്സിംഗ് അസിസ്റ്റന്റ് ആയ ശ്രീമതി.

രാജി ഐ.എം, ഹോസ്പിറ്റൽ അറ്റെൻഡന്റ് Gr II ആയ ശ്രീമതി. മേഴ്സി പി.ടി എന്നിവർ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരമുള്ള 'Six months experience in handling PBX system' എന്ന യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ടി ജീവനക്കാരെ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയില്ല.

- കൂടാതെ കരട് സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ട തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ധോബി ആയ ശ്രീമതി. ബീന.എസ് ഹാജരാക്കിയ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ ആധികാരികത ബന്ധപ്പെട്ട സ്ഥാപനം സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ ടിയാരിയെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം(4) പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരുടെ ടെലഫോൺ ഓപ്പറേറ്റർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിൻറെ കരട് സീനിയോരിറ്റി പട്ടികയിന്മേൽ മേൽ പരാമർശിച്ച പ്രകാരമുള്ള ഭേദഗതി വരുത്തി അന്തിമ സീനിയോരിറ്റി പട്ടികയായി അംഗീകരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

| റാങ്ക് നം. | പേര്, തസ്തിക & സ്ഥാപനം | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി | നിരീക്ഷണകാലം പൂർത്തീകരിച്ച തീയതി | ജനനതീയതി |
|---|---|---|---|---|
| 1 | മുരളീകൃഷ്ണൻ.എം, ഓഫീസ് അറ്റെൻഡന്റ്, ഗവ. നഴ്സിംഗ് കോളേജ്, ആലപ്പുഴ | 01.01.2015 | 01.01.2016 | 30.05.1987 |
| 2 | സുബൈദ.കെ, ഫുൾ ടൈം സ്വീപ്പർ, ഗവ. മെഡിക്കൽ കോളേജ്, വയനാട് | 21.11.2016 | 21.11.2017 | 22.07.1972 |
| 3 | ഷൈനി.കെ.രവി, ഫുൾ ടൈം സ്വീപ്പർ, ഗവ. മെഡിക്കൽ കോളേജ്, കൊല്ലം | 01.07.2019 | 01.07.2020 | 28.05.1978 |

അന്തിമ സീനിയോരിറ്റി പട്ടിക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.dmekerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതാത് സ്ഥാപന മേധാവികൾ അവരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സീനിയോരിറ്റി പട്ടികയുടെ പകർപ്പ് പരസ്യപ്പെടുത്തേണ്ടതും ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക് രേഖാമൂലം സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്.

Signed by
Jaya V V
Date: 25-02-2024 18:06:26

JAYA V V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രിൻസിപ്പൽ മുഖാന്തിരം.

പകർപ്പ്:
1. പ്രിൻസിപ്പൽ,
   ഗവ. മെഡിക്കൽ/നഴ്സിംഗ് കോളേജ്
   കൊല്ലം/വയനാട്/ആലപ്പുഴ.
2. OC/SF.